## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2516** **24-06-2024 - ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ.-യിലെ ജനറൽ ട്രാൻസ്ഫർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.-യുടെ ആഭ്യന്തര പരിശോധനാ വിഭാഗം, പ്രത്യേക ഓഡിറ്റ് വിഭാഗം, വിജിലൻസ് എന്നീ വിഭാഗങ്ങളിലായി ആകെ എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ.-യിൽ ആഭ്യന്തര പരിശോധന വിഭാഗം, പ്രത്യേക ഓഡിറ്റ് വിഭാഗം, വിജിലൻസ് എന്നീ വിഭാഗങ്ങളിലായി ആകെ 70 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇതിൽ 15 പേർ ആഭ്യന്തര പരിശോധനാ വിഭാഗത്തിലും 49 പേർ പ്രത്യേക ആഡിറ്റ് വിഭാഗത്തിലും 6 പേർ വിജിലൻസ് വിഭാഗത്തിലുമാണ് സേവനമനുഷ്ഠിക്കുന്നത്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലായി മൂന്ന് വർഷത്തിൽ കൂടുതൽ തുടർച്ചയായി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അനുവദനീയമായ കാലയളവിൽക്കൂടുതൽ പ്രസ്തുത ഉദ്യോഗസ്ഥരെ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നിലനിർത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത വിഭാഗങ്ങളിലായി 8 ഉദ്യോഗസ്ഥർ 3 വർഷത്തിൽ കൂടുതൽ തുടർച്ചയായി ജോലി ചെയ്യുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും ആഭ്യന്തര പരിശോധന വിഭാഗത്തിലും നിയമിക്കുന്ന ജീവനക്കാരെ തുടർച്ചയായി 5 വർഷം വരെ അവിടെ തുടരാൻ അനുവദിച്ചിരുന്നു. എന്നാൽ ജീവനക്കാരിൽ നിന്നും സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ച് എല്ലാ ജീവനക്കാർക്കും ബാധകമായ പൊതുമാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം നടപ്പാക്കുന്ന രീതി കമ്പനിയിൽ 05.06.2024 മുതൽ നടപ്പാക്കിയിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം പൊതു സ്ഥലംമാറ്റം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | കെ.എസ്.എഫ്.ഇ.-യുടെ പൊതുസ്ഥലമാറ്റങ്ങളുടെ മാനദണ്ഡങ്ങൾ ഇവർക്ക് ബാധകമാകുന്ന തരത്തിൽ സ്ഥലമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത വിഭാഗങ്ങളിലായി 8 ഉദ്യോഗസ്ഥർ 3 വർഷത്തിൽ കൂടുതൽ തുടർച്ചയായി ജോലി ചെയ്യുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും ആഭ്യന്തര പരിശോധന വിഭാഗത്തിലും നിയമിക്കുന്ന ജീവനക്കാരെ തുടർച്ചയായി 5 വർഷം വരെ അവിടെ തുടരാൻ അനുവദിച്ചിരുന്നു. എന്നാൽ ജീവനക്കാരിൽ നിന്നും സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈനായി സ്വീകരിച്ച് എല്ലാ ജീവനക്കാർക്കും ബാധകമായ പൊതുമാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റം നടപ്പാക്കുന്ന രീതി കമ്പനിയിൽ 05.06.2024 മുതൽ നടപ്പാക്കിയിട്ടുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പ്രകാരം പൊതു സ്ഥലംമാറ്റം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ